ഫെബ്രുവരി 24,2014

# എൻ.ഡി.എ.യും അവസാന തയ്യാറെടുപ്പും

**അരുൺ ജെയ്റ്റ്ലി,**
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

2104-ലെ ലോക്സഭാ തിരഞ്ഞെടുപ്പിനു മുന്നോടിയായുള്ള ഈ കാലഘട്ടം രാഷ്ട്രീയ ഊഹാപോഹങ്ങളുടെ കാലമാണ്. 'സർവ്വജ്ഞരായ ദില്ലി നിവാസികൾ അവരുടെ അഭിപ്രായ രൂപീകരണം നടത്തുന്നത് ഏതെങ്കിലും പ്രായോഗികവും അടിസ്ഥാനമുള്ളതുമായ യാഥാർത്ഥ്യങ്ങളെ ആധാരമാക്കിയല്ല, മറിച്ച് അഭിപ്രായ സർവേ ഭാഗങ്ങളുടെ സൂചനയെ അടിസ്ഥാനമാക്കിയാണ് എന്നത് തുടർന്നുവരുന്ന ഒരു പ്രതിഭാസമാണ്. പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി നരേന്ദ്രമോദിയുടെ പേര് 2013 സെപ്തംബർ 13-ന് ബി.ജെ.പി. പ്രഖ്യാപിക്കുന്നതുവരെ പാർട്ടിക്ക് ഒരാളെ ആ സ്ഥാനത്തേക്ക് ഉയർത്തിക്കാട്ടാൻ പറ്റുമോ എന്ന സന്ദേഹം നിലനിന്നിരുന്നു. ഭരണപരാജയവും സർക്കാർ വിരുദ്ധ വികാരവും തിരഞ്ഞെടുപ്പിൽ അത്ര ഏശില്ലെന്നും തിരഞ്ഞെടുപ്പിൽ ധ്രുവീകരണം നടക്കുമെന്നും ഒരു വാദം നിലനിന്നിരുന്നു. കഴിഞ്ഞ 25 വർഷക്കാലമായി ഞാൻ കണ്ട തിരഞ്ഞെടുപ്പുറാലികളിൽ ജനപങ്കാളിത്തം കൊണ്ട് ഏറ്റവും മികച്ചതായിരുന്നു മോദിയുടെ റാലികൾ എന്നത് തർക്കമറ്റ കാര്യമാണ്. 1989-നു ശേഷം സാധാരണ പാർട്ടിപ്രവർത്തകരിൽ ഇത്രയും ആവേശം ഞാൻ ദർശിച്ചിട്ടില്ല. ഇതിന്റെ ഒരേയൊരു അപവാദം 1998-ലും 1999-ലും ഇന്ത്യയിലെ രാഷ്ട്രീയ ചക്രവാളത്തിൽ ഏറ്റവും സ്വീകാര്യനായ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി അടൽജിയെ പ്രഖ്യാപിച്ച തിരഞ്ഞെടുപ്പുവേളകളിലായിരുന്നു. ബി.ജെ.പിയെ മറ്റേതു പാർട്ടികൾ പിന്താങ്ങും എന്ന ആപേക്ഷികമായ മറ്റൊരു ചോദ്യവും ഉയരുന്നു. മറ്റേതെങ്കിലും കക്ഷി ബി.ജെ.പി.യോടൊപ്പം ചേരുമോ? ഞങ്ങൾ ശക്തരായി നിലനിൽക്കുന്നിടത്തോളം തിരഞ്ഞെടുപ്പിനു മുൻപോ ശേഷമോ പല സഖ്യകക്ഷികളും ഞങ്ങളോടൊപ്പം ചേരും എന്നൊരു വിലയിരുത്തലായിരുന്നു ഞങ്ങളുടേത്.

ഏറ്റവും ഒടുവിലത്തെ അഭിപ്രായഫലം പ്രവചിച്ചത് എ.ബി.പി. വാർത്താചാനലിനുവേണ്ടി എസി നീൽസൺ എന്ന പ്രശസ്ത ഏജൻസിയാണ്. ഇത്രയും ഫലപ്രവചനങ്ങളുടെ ആധികാരികത ഞാൻ ഒരിക്കലും അനുകൂലിച്ചിട്ടില്ല.

ഈ അഭിപ്രായ സർവ്വേ ഫലങ്ങൾ എന്തിലേക്കാണ് വിരൽചൂണ്ടുന്നത്? അടുത്ത തിരഞ്ഞെടുപ്പിൽ മൂന്നക്കസംഖ്യയിൽ സീറ്റുകൾ കരസ്ഥമാക്കാൻ ഒരു പാർട്ടിക്കു മാത്രമേ കഴിയൂ എന്ന വ്യക്തമായ സന്ദേശമാണ് അതു നൽകുന്നത്. മിക്കവാറും അത് 200 കടക്കും. അതിന്റെ സഖ്യകക്ഷികൾക്കും കുറേ സീറ്റുകൾ നേടാനാകും. ഇന്ത്യയിലെ വടക്കൻ, മദ്ധ്യ, പടിഞ്ഞാറൻ മേഖലകളിൽ അവർക്ക് വലിയ മുന്നേറ്റം നടത്താനാകും. കിഴക്കും തെക്കും ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ബീഹാർ, കർണ്ണാടക സംസ്ഥാനങ്ങളിൽ പാർട്ടി അതിന്റെ നേട്ടം ഉറപ്പിക്കും. മറ്റു ചില സംസ്ഥാനങ്ങളിൽ ബി.ജെ.പി. മറ്റു പാർട്ടികളോടൊപ്പം ഒരു തുല്യശക്തിയായി നിൽക്കും. പരമ്പരാഗതമായി ബി.ജെ.പിയോട് അനുഭാവമില്ലാത്ത സംസ്ഥാനങ്ങളിൽപ്പോലും മോദി-ബി.ജെ.പി. തരംഗം സഖ്യകക്ഷികൾക്ക് കാര്യമായ നേട്ടം പ്രദാനം ചെയ്യും. സഖ്യകക്ഷികളില്ലാത്ത സംസ്ഥാനങ്ങളിൽപ്പോലും പാർട്ടിക്ക് ഏതാനും സീറ്റുകൾ നേടാനാകും.

സർക്കാർ രൂപീകരണം എന്ന അഭിലാഷവുമായി ധാരാളം പേർ രംഗത്തുണ്ട്. ബി.ജെ.പി. നയിക്കുന്ന ദേശീയ ജനാധിപത്യ സഖ്യമാണ് അതിൽ മുഖ്യം. കോൺഗ്രസ് പാർട്ടി രണ്ടക്കസംഖ്യയിൽ ഒതുങ്ങിപ്പോയാൽ അവർക്ക് തീർച്ചയായും പരാജയം സമ്മതിക്കേണ്ടിവരും. അങ്ങനെവന്നാൽ ആ പാർട്ടിക്ക് ഒരു സഖ്യത്തിന്റെ കേന്ദ്രബിന്ദുവാകാൻ കഴിയില്ല. മൂന്നാം മുന്നണിയിലും സംയുക്ത മുന്നണിയിലും അവകാശവാദികൾ ഏറെയാണ്. ഒന്നിലധികം സംസ്ഥാനങ്ങളിൽ സാന്നിദ്ധ്യം തെളിയിക്കാൻ കഴിയുന്ന ഒറ്റ നേതാവുപോലും ഈ മുന്നണിക്കില്ല. തിരഞ്ഞെടുപ്പുഗോദയിൽ ഏറ്റവും മുന്നിലുള്ള കക്ഷിക്ക് ആദ്യം അന്തിമരേഖ കടക്കാനാകുമോ എന്നതാണ് ശ്രദ്ധേയം. ബി.ജെ.പി. നയിക്കുന്ന ദേശീയ ജനാധിപത്യ മുന്നണിക്ക് അവസാന മത്സരത്തിൽ വിജയിക്കാനാകുമോ എന്നാണ് എല്ലാവരുടെയും മനസ്സിലുള്ള ചോദ്യം.

താത്വികമായ കണക്കുകൂട്ടലുകളുടെ സമയമാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ വിദഗ്ദ്ധർ നിലപാട് കൈക്കൊള്ളും. അഭിപ്രായ ഫല സർവേക്കാർ പ്രവചിക്കുന്നതിനെക്കാൾ വലിയ നേട്ടമായിരിക്കും ഏറ്റവും മുന്നിൽ നിൽക്കുന്ന കക്ഷി നേടുകയെന്നത് മോദിയുടെ റാലികളിലെ വൻ ജനപങ്കാളിത്തം നൽകുന്ന വ്യക്തമായ സന്ദേശം മനസ്സിലാക്കുന്ന ആർക്കും ബോദ്ധ്യപ്പെടും. ഏതു വഴിക്ക് നീങ്ങണം എന്ന് പല സംസ്ഥാനങ്ങളിലെയും ചെറുകക്ഷികൾക്ക് തീരുമാനിക്കേണ്ടിവരും. ബി.ജെ.പി.യുടെയും സഖ്യകക്ഷികളുടെയും സംഘടിതസ്വാധീനം നാമമാത്രമായെങ്കിലും വർദ്ധിപ്പിക്കാൻ പല

സംസ്ഥാനങ്ങളിലെയും ഈ ചെറുകക്ഷികൾക്കാകും. കോൺഗ്രസ് വിരുദ്ധ നിലപാട് പരമ്പരാഗതമായി നിലനിർത്തുന്ന വലിയ കക്ഷികളും ചില സംസ്ഥാനങ്ങളിലുണ്ട്. കോൺഗ്രസിന് പിന്തുണ നൽകിക്കൊണ്ടോ അവരുടെ പിന്തുണ തേടിക്കൊണ്ടോ കേന്ദ്രത്തിൽ അവരുമായി സഖ്യം സ്ഥാപിക്കുന്നത് ദീർഘകാലത്തേക്കുള്ള ഒരുപാധിയായി കാണാനാകില്ല. അതുകൊണ്ടുതന്നെ അത്തരം കക്ഷികൾ ഒരു സുവ്യക്തമായ തീരുമാനം എടുക്കേണ്ടതുണ്ട്. ഒന്നുകിൽ ആ കക്ഷികൾ ഡൽഹിയിൽ എൻ.ഡി.എ.യുമായി സഖ്യത്തിൽ ഏർപ്പെടുക, അല്ലെങ്കിൽ കോൺഗ്രസിന്റെ കൂടെ നിൽക്കുക. ഇത്തരം കക്ഷികളിൽ പലതിനും പരിമിതമായ താത്പര്യങ്ങൾ അനുസരിച്ച് മാത്രമേ മുന്നോട്ടുപോകാനാവൂ. മോദിയുടെ മതിപ്പ് 50 ശതമാനത്തിലേറെയാണെങ്കിൽ തീർച്ചയായും അത് എല്ലാ സംസ്ഥാനങ്ങളെയും സ്വാധീനിക്കും. അന്തിമമായ പോരാട്ടത്തിൽ ഞങ്ങൾ വിജയിച്ചാൽ അതിൽ എനിക്ക് ഒരു അതിശയവും തോന്നില്ല.